# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *636 — 03.04.2018-ൽ മറുപടിക്ക്

## മെന്റർ ടീച്ചർ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി<br>,, സി.മമ്മൂട്ടി<br>,, എൻ. ഷംസുദ്ദീൻ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ആരംഭിച്ച മെന്റർ ടീച്ചർ പദ്ധതി ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസു വരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ ബി.എഡ്./ഡി.എഡ് പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി".<br><br>പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ മറ്റ് ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനായി പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4-ാം ക്ലാസ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ. പട്ടികവർഗ്ഗ വിഭാഗത്തിൽ ടി.ടി.സി./ബി.എഡ്./ ഡി.എഡ് പാസ്സായവരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.<br><br>2017-18 അധ്യയന വർഷം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുകയും വയനാട് ജില്ലാ സർവ്വശിക്ഷാ അഭിയാൻ മുഖേന ടി അദ്ധ്യാപകർക്ക് 3 ദിവസത്തെ റസിഡൻഷ്യൽ ഇൻഡക്ഷൻ ട്രെയിനിംഗ് |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തു. 2018-19 വർഷവും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയ ഹാജർ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് പ്രതിമാസ ഓണറേറിയം അനുവദിച്ച് നൽകുന്നു. |
| ബി) | വിവിധ ഡയറ്റുകളിലെ അധ്യാപകരുടെ കുറവ് മെന്റർ ടീച്ചർ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തടസ്സമായിട്ടുണ്ടോ; എങ്കിൽ അധ്യാപകരുടെ കുറവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | വയനാട് ജില്ലയിലാണ് ഗോത്രബന്ധു പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്. അവിടെ അദ്ധ്യാപകരുടെ കുറവ് ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അദ്ധ്യാപകരുടെ നിയമനം നടത്തുന്നത് വിദ്യാഭ്യാസ വകുപ്പാണ്. |
| സി) | ഈ പദ്ധതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഏതെല്ലാം വിധത്തിൽ സഹായിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | സി) | ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിതരായിട്ടുള്ള മെന്റർ ടീച്ചർമാർ ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിൽ എത്തിക്കുകയും കൊഴിഞ്ഞുപോക്കിന് പ്രധാന കാരണങ്ങളിലൊന്നായ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി ഒന്നാം ക്ലാസ്സിലെ അദ്ധ്യാപകർക്കൊപ്പം നിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും, സ്കൂളുകളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദിയൊരുക്കുകയും, സഹ അധ്യാപകർക്ക് ഗോത്രഭാഷ, സംസ്കാരം, ഗോത്ര വർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും, ഈ മേഖലയിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നത് മൂലം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ടി പദ്ധതി വളരെയധികം സഹായിച്ചിട്ടുണ്ട്. |
| ഡി) | പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | പദ്ധതി നടത്തിപ്പിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**